LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 10, വ്യാഴം

നിയമസഭ 2003 ജൂലായ് മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ *461 :

പച്ചക്കറികളുടേയും പഴങ്ങളുടേയും വില നിയന്ത്രിക്കാൻ നടപടി

1 (*461) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ പൊതു കമ്പോളത്തിൽ പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഹോർട്ടികോർപ്പിന്റെ കീഴിലുള്ള ഹരിത സഹകരണ സംഘങ്ങളുടെ സ്റ്റാളുകളിൽ വിൽക്കുന്ന പച്ചക്കറിയുടെ വിലയും പൊതുകമ്പോളത്തിലെ വിലയുമായി വലിയ അന്തരമില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പച്ചക്കറിയുടേയും പഴങ്ങളുടേയും വില നിയന്ത്രിക്കാൻ ഹോർട്ടി കോർപ്പറേഷൻവഴി വിൽക്കുന്ന പഴങ്ങളുടേയും പച്ചക്കറികളുടേയും വില കുറയ്ക്കുവാനും കൂടുതൽ ഹരിത സ്റ്റാളുകൾ ആരംഭിക്കുവാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ,

(എ) ഉണ്ട്.

(ബി) ഹോർട്ടികോർപ്പിന്റെ കീഴിലുള്ള ഹരിത സ്റ്റാളുകൾവഴി വിൽക്കുന്ന മിക്കയിനം പച്ചക്കറികൾക്കും പൊതുകമ്പോളത്തിലേതിനേക്കാൾ വില കുറവാണ്. ദൗർലഭ്യം നേരിടുന്നതും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നതുമായ ചിലയിനം പച്ചക്കറികൾക്ക് മൊത്ത വിലയും ചില്ലറ വിലയും തമ്മിൽ വലിയ വ്യത്യാസമില്ലാത്തതുകൊണ്ട് പൊതു കമ്പോളത്തിലെ വിലയ്ക്ക് വിൽക്കേണ്ടി വരുന്നുണ്ട്.

(സി) പരമാവധി കുറഞ്ഞ വിലയ്ക്കാണ് ഹോർട്ടികോർപ്പ് പഴങ്ങളും പച്ചക്കറികളും വിൽക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സർക്കാരിൽനിന്നും സാമ്പത്തിക സഹായം കിട്ടിയാലേ ശക്തമായ വിപണിയിടപെടൽ നടത്തി വിലനിലവാരം ഇനിയും കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ. ഇടപെടലിനാവശ്യമായ സ്ഥിതിഗതികൾ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. സ്വന്തമായി സ്ഥലസൗകര്യം ഉള്ളവരും ഹോർട്ടികോർപ്പിന്റെ നിബന്ധനകൾ പാലിക്കുവാൻ തയ്യാറുള്ളവരുമായ ആളുകൾക്ക് പുതിയ ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള എല്ലാ സഹായങ്ങളും കോർപ്പറേഷൻ ചെയ്തു കൊടുക്കുന്നുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാന്യയായ മന്ത്രി പച്ചക്കറിക്ക് പൊതു കമ്പോളത്തിൽ വില വർദ്ധിച്ചുവരികയാണെന്ന് പറയുകയുണ്ടായി. ഒരു ഭാഗത്ത് പൊതുകമ്പോളത്തിൽ പച്ചക്കറിക്ക് തീപിടിച്ച വിലയാണ്. മറുഭാഗത്താണെങ്കിൽ കേരളത്തിലെ കർഷകർ ഉണ്ടാക്കുന്ന പച്ചക്കറിക്ക് ന്യായമായ വില ലഭിക്കുന്നില്ല. കർഷകർക്ക് ന്യായമായ വില ലഭിക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ പച്ചക്കറി ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്ന് ബഹുമാന്യയായ മന്ത്രിയുടെ മറുപടിയിൽത്തന്നെ വ്യക്തമാണ്. അതുമനസ്സിലാക്കി പച്ചക്കറി നമ്മുടെ കേരളത്തിലെ കൃഷിക്കാരിൽ നിന്നും സംഭരിക്കാനും അത് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകാനും കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഹോർട്ടികോർപ്പ് ഇവിടെ വിൽക്കുന്ന പച്ചക്കറിയുടെ 80 ശതമാനവും കേരളത്തിൽ നിന്നാണ് എടുക്കുന്നത്. ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ.-യുമായി അവരുടെ വിള ഉല്പന്നങ്ങൾ എടുക്കുന്നതിന് ഒരു എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ചിലപ്പോൾ അവരുടെ സാധനങ്ങൾ കയറ്റി അയയ്ക്കുന്നതിന് മൊത്ത കച്ചവടക്കാർ വാങ്ങുമ്പോൾ ഈ സാധനങ്ങൾ കിട്ടാതെ വന്നേക്കാം. ഇപ്പോൾ, ആന്ധ്ര, കർണ്ണാടക, എന്നീ സംസ്ഥാനങ്ങളിലും കോയമ്പത്തൂർ, ചെന്നൈ എന്നീ സ്ഥലങ്ങളിലും ഭയങ്കര വരൾച്ചയാണ്. പച്ചക്കറിയുടെ ഉല്പാദനം ഇപ്പോൾ വളരെ കുറവാണ്. മൊത്തത്തിൽ പച്ചക്കറി വിലകൂടാൻ കാരണമിതാണ്. ഹോർട്ടികോർപ്പ് കഴിയുന്നത്ര വിലകുറച്ചാണ് പച്ചക്കറി-പഴങ്ങൾ എന്നിവ വില്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : അന്യ സംസ്ഥാനങ്ങളിൽനിന്ന് പഴം, പച്ചക്കറി എന്നിവ നമ്മുടെ സംസ്ഥാനത്ത് വന്നുകൊണ്ടിരിക്കുകയാണ്. അടുത്തയിടെ പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവ കേടുവരാതിരിക്കാൻവേണ്ടി മാരകമായ വിഷാംശം അടങ്ങിയ കീടനാശിനികൾ തളിക്കുകയാണ്. അത് നമ്മുടെ കേരളത്തിൽ ഗുരുതരമായ ആരോഗ്യ പ്രശ്നമുണ്ടാക്കുമെന്ന് ആരോഗ്യ വകുപ്പിന്റെ സർവ്വേയിലും അവരുടെ റിപ്പോർട്ടിലും പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില സാമ്പിൾ പരിശോധനകൾ നടത്തി എന്നുള്ളതല്ലാതെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ നമ്മുടെ കേരളത്തെ വലിയ ആരോഗ്യ പ്രതിസന്ധിയിലേക്ക് എത്തിക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പഴങ്ങളും പച്ചക്കറികളും നല്ല രീതിയിൽ പരിശോധിച്ച് മാരകമായ വിഷാംശം ഇല്ലെന്ന് ഉറപ്പുവരുത്താനുള്ള എന്തെങ്കിലും സംവിധാനം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ സന്നദ്ധമാണോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ചോദ്യത്തിന്റെ ആദ്യഭാഗം പഴങ്ങൾ പച്ചക്കറികൾ എന്നിവ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നു എന്നുള്ളതാണ്. ഇപ്പോൾ ഏത്തക്കായ് എടുക്കുന്നത് വയനാട്ടിൽ നിന്നാണ്. വയനാട്ടിൽ ഇപ്പോൾ ഏത്തക്കായ് ഉണ്ട്. കുറച്ചൊക്കെ പുറത്തുനിന്നും വരുന്നുണ്ട്. ഇത് ആദ്യമല്ല. പച്ചക്കറി ഉല്പാദനം കേരളത്തിൽ കൂടിയിട്ടുണ്ട്. പുറത്തുനിന്ന് വരുന്നതായിട്ടുള്ള സാധനങ്ങൾ പരിശോധിക്കാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റേതായിട്ടുള്ള നടപടികളുണ്ട്. കൃഷി വകുപ്പിന് ഇതുവരെ അധികാരം കിട്ടിയിട്ടില്ല. ഫുഡ് അഡൽട്ടറേഷൻ ആക്ട് പ്രകാരം നടപടിയെടുക്കുന്നത് ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ് അധികാരം invent ചെയ്തിട്ടില്ല. പാൽ പരിശോധനയ്ക്ക് അധികാരം ചോദിച്ചിരുന്നു. അതും കിട്ടിയില്ല. ചർച്ച ചെയ്ത് ആവശ്യമായ അധികാരങ്ങൾ കിട്ടുന്നതിനു വേണ്ടി നോക്കാം. കൃഷി വകുപ്പ് സജ്ജമാണോയെന്ന് പരിശോധിച്ചു നടപടിയെടുക്കാം.

ശ്രീ. എ. കെ. ബാലൻ : ഒരു നിയന്ത്രണവുമില്ലാത്ത വിധത്തിലാണ് പച്ചക്കറിയുടെ വില വർദ്ധിക്കുന്നത്. അസംബ്ളി തുടങ്ങുമ്പോഴുള്ള വിലയും ഇപ്പോഴുള്ള വിലയും പരിശോധിച്ചാൽ അറിയാം. ഒന്നര മാസത്തിനുള്ളിൽ ഒരു കിലോ പച്ചമുളകിന് 12 രൂപയായിരുന്നത് 45 രൂപയായി. ഇഞ്ചി 20 രൂപയായിരുന്നത് 40 രൂപയായി. തക്കാളി ഏഴു രൂപയായിരുന്നത് 14 രൂപയായി. ഭീകരാവസഥ മനസ്സിലാക്കാൻവേണ്ടിയാണ് ഞാൻ പറയുന്നത്. കാബേജിന്റെ വില 16 രൂപയായി. കോളിഫ്ളവർ 15 രൂപയായിരുന്നത് 32 രൂപയായി. ചേന 5 രൂപയായിരുന്നത് 17 രൂപയായി. പയർ 10 രൂപയായിരുന്നത് 26 രൂപയായി. വറ്റൽ മുളക്.....

മി.സ്പീക്കർ : No. No. വില വർദ്ധിച്ചു. സമ്മതിച്ചു. അങ്ങ് ചോദ്യം ചോദിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : എം.എൽ.എ.മാരെ ബാധിച്ച ഒരു കാര്യം ഞാൻ പറയാം. പണ്ട് എം. എൽ. എ. ഹോസ്റ്റലിലെ കൃാന്റീനിൽ സലാഡ് ഫ്രീയായിരുന്നു. അത് മൂന്നു രൂപയായിരുന്നത് ഇപ്പോൾ 10 രൂപയായി. രണ്ടു കഷണം തക്കാളിയാണ് ആകെ കിട്ടുന്നത്. എം.എൽ.എ.മാരുടെ സ്ഥിതിയാണ് ഞാൻ ആദ്യം പറയുന്നത്. ഫ്രീയായിട്ട് കിട്ടിയ സാധനമായിരുന്നു. കൃാന്റീൻകാരനോട് ചോദിച്ചാൽ പച്ചക്കറിയുടെ വില കൂടി, ഞാൻ എന്താ ചെയ്യേണ്ടതെന്ന് അയാൾ പറയും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിച്ചില്ലെങ്കിൽ അടുത്ത ആളിന് കൊടുക്കും. ഇതൊന്നുമല്ല ഇവിടെ പറയേണ്ടത്.

ശ്രീ. എ. കെ. ബാലൻ : വില നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് വല്ല നടപടിയും സ്വീകരിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിന് അധികാരമൊന്നും കൃഷി വകുപ്പിനില്ല. നമ്മൾ എടുത്തിരിക്കുന്നത് മാർക്കറ്റ് ഇന്റർവെൻഷനാണ്. ഇന്നത്തെ ഹോർട്ടികോർപ്പിന്റെ വില നിലവാരം ഞാൻ മേശപ്പുറത്ത് വയ്ക്കാം. പച്ചക്കറിയായാലും ഏത് സാധനമായാലും ആവശ്യത്തിൽ കുറവായി ഉല്പാദിപ്പിച്ചാൽ വില കൂടും. അല്ലെങ്കിൽ അതിനൊരു ആക്ട് വരണം. ആക്ട് വന്നാൽ അത് ഇംപ്ലിമെന്റ് ചെയ്യാൻ നമുക്ക് വിഷമമായിരിക്കും. വില ഭയങ്കരമായ സ്ഥിതിയിൽ എത്തിയിട്ടില്ല. മാർക്കറ്റിൽ കുറച്ച് വില കൂടിയിട്ടുണ്ട്. ഹോർട്ടികോർപ്പ് 80 ശതമാനവും ഇവിടുന്നാണ് പച്ചക്കറി വാങ്ങിക്കുന്നതെങ്കിൽ കച്ചവടക്കാർ വാങ്ങിക്കുന്നത് പുറത്തുനിന്നാണ്. മാർക്കറ്റ് ഇന്റർവെൻഷന് ആവശ്യമായിട്ടുള്ള സാധനങ്ങളാണ് നമ്മൾ കൊടുക്കുന്നത്. കേരളത്തിന് മുഴുവൻ ജനങ്ങൾക്കും ആവശ്യമായ പച്ചക്കറി വാങ്ങുന്നില്ല. കേരളത്തിന് ആവശ്യമായിട്ടുള്ള പച്ചക്കറിയുടെ വളരെ കുറച്ച് ശതമാനം മാത്രമേ വാങ്ങുന്നുള്ളൂ. വില നിലവാരം പിടിച്ചു നിർത്താൻ സാധനം കുറയുമ്പോൾ വില കൂടുന്നത് സ്വാഭാവികമാണ്. ഭയങ്കരമായിട്ട് വില കൂടിയെന്നു പറയുന്നത് ശരിയല്ല. തക്കാളി പാലക്കാട് വേലന്താവളത്തിൽ കൃഷി ചെയ്യുമായിരുന്നു. ഒരു മാസത്തിനുമുമ്പാണ് അവരുടെ ഉല്പാദനം തീർന്നത്. അവിടെ അവർ ഉല്പാദിപ്പിച്ച തക്കാളി വിൽക്കുന്നത് രണ്ടു രൂപയ്ക്കാണ്. വാങ്ങാൻ ആളില്ലാത്ത സ്ഥിതി ഉണ്ടായിരുന്നു. ഇപ്പോൾ കുറെ വില കൂടിയിട്ടുണ്ട്. ഭീകരമായി കൂടിയിട്ടില്ല. വില കൂടാതിരിക്കുന്നതിനുവേണ്ടി നടപടികളെടുക്കാൻ ഗവൺമെന്റ് നോക്കാം. അവരുടെ വിളവെടുപ്പുകാലം തീർന്നു. seasonal ആണ്.

Mr. Speaker : Price level depends purely on supply and demand.

ശ്രീ. എ. കെ. ബാലൻ : നമ്മൾ യാഥാർത്ഥ്യങ്ങൾ കാണണം. അല്ലാതെ പ്രീമെച്വറായിട്ട് ഡെലിവറി നടക്കട്ടെയെന്നുപറഞ്ഞാൽ നടക്കുമോ ? നടക്കുകയില്ല. പാകപ്പെട്ടാലേ നടക്കുകയുള്ളൂ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കുന്ന അവസരത്തിൽ അഞ്ച് ഹെക്ടറിലുള്ള ഒരു യൂണിറ്റ് പച്ചക്കറി കൃഷി നടത്തുന്നതിന് കൃഷിഭവന്റെ കീഴിൽ ഹരിത സംഘങ്ങൾ ഉണ്ടാക്കി 50,000 രൂപ സബ്സിഡി കൊടുത്തു. എന്റെ

മണ്ഡലത്തിൽ ലക്ഷക്കണക്കിന് രൂപ കിട്ടിയിട്ടുണ്ട്. അത് പരിപൂർണ്ണമായി പൊളിച്ചു. ഹരിതസംഘങ്ങൾക്ക് സബ്സിഡി ഇല്ല. സബ്സിഡി ഇല്ലാത്തതിന്റെ ഫലമായി പാവപ്പെട്ട ഗ്രാമ പ്രദേശങ്ങളിലെ ഹരിതസംഘങ്ങൾവഴി പച്ചക്കറി കൃഷി നടത്തുന്നില്ല. അതുകൊണ്ട് സബ്സിഡി കൊടുത്ത് ഇത് പുനഃസ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : മുമ്പ് ഹരിത സംഘങ്ങൾക്ക് 50,000 രൂപ സബ്സിഡി കൊടുത്തിരുന്നു. ബഹുഭൂരിപക്ഷവും സംഘങ്ങൾ പണം പിടുങ്ങിയെങ്കിലും കൃഷി ചെയ്തില്ല. അതേസമയം വേറെ ഒരു പ്രദേശത്ത് വി.എഫ്.പി.സി.-ക്ക് വെറും ലോൺ മാത്രം കൊടുത്ത് പച്ചക്കറിക്കൃഷി നടത്തിയിരുന്നു. നിങ്ങളുടെ കാലത്തുതന്നെയാണ്. അതിപ്പോൾ മിക്കവാറും എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, വയനാട്, ഇടുക്കി ഈ പ്രദേശങ്ങളിലെല്ലാം വ്യാപിപ്പിച്ചിട്ടുണ്ട്. വി.എഫ്.പി.സി. പച്ചക്കറി കൃഷിക്ക് സബ്സിഡി കൊടുക്കാതെ കൃഷി ചെയ്യാൻ സമയത്ത് ലോൺ കിട്ടത്തക്ക വിധത്തിലുള്ള ഒരു വ്യവസ്ഥ കൊടുത്തു. ഏതാണ്ട് 4,800 സെൽഫ് ഗ്രൂപ്പുകൾ പച്ചക്കറി കൃഷി ചെയ്യുന്നു. ഇപ്പോഴും കൃഷി ചെയ്യുന്നുണ്ട്. കൃഷി ചെയ്യാതെ ലോൺ വാങ്ങലല്ല. 50,000 രൂപ മുമ്പ് സബ്സിഡി കൊടുക്കുമായിരുന്നു. രണ്ടുതരത്തിൽ പച്ചക്കറി കൃഷി വേണ്ട എന്ന് വിചാരിച്ചു നടപടിയെടുത്തു. സബ്സിഡി നിർത്തിയിട്ടില്ല. 8,000 രൂപ ഒരു ഹെക്ടറിന് കിട്ടത്തക്ക വിധത്തിൽ ലോൺ കൊടുക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. interest കുറച്ചാണ് ഗവൺമെന്റ് 50,000 രൂപ കൊടുത്തത്. പക്ഷേ പലരും 50,000 രൂപ ഉപയോഗിച്ച് കൃഷി ചെയ്തിരുന്നില്ല. ആ നടപടികൾ ഇല്ലാതാക്കാനാണ് ഇന്നത്തെ നിലയിൽ രണ്ടും ഒരുപോലെ വ്യാപിപ്പിക്കുന്നതിനുള്ള നടപടിയെടുത്തത്. മെമ്പർ പറയുന്നത് കേട്ടാൽ തോന്നും ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറി കേരളത്തിൽത്തന്നെ ആവശ്യത്തിന് ഉല്പാദിപ്പിച്ചിരുന്നു, ഇപ്പോൾ നരകമായി എന്ന്. അങ്ങനെയാണെങ്കിൽ നിങ്ങൾ അപ്പുറത്തിരിക്കുകയില്ലായിരുന്നല്ലോ. സർക്കാർ പണം ദുരുപയോഗപ്പെടുത്തിയിരുന്നത് നിർത്തി അത്രയേയുള്ളൂ.

ശ്രീ. മത്തായി ചാക്കോ : ദൈനംദിനമെന്നോണം തമിഴ്നാടിൽനിന്ന് ടൺ കണക്കിന് പച്ചക്കറി കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി വിശേഷത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു സമയത്ത് തുടങ്ങിയിട്ടുള്ള ഹോർട്ടികോർപ്പ് ഈ മേഖലയിൽ ഒരു ഇടപെടൽ തന്നെ നടത്തിയിരുന്നു. ആ ഇടപെടൽകൊണ്ട് ഇപ്പോൾ പൂർണ്ണമായി വിജയിച്ചു എന്ന് പറയാൻ കഴിയില്ല. ടൺ കണക്കിന് വരുന്ന ഈ പച്ചക്കറിയുടെ വരവ് കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഒരു ഉത്തേജനം നൽകുന്ന രീതിയിൽ അത് തടയുന്നതിനും ഇവിടെ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗവൺമെന്റ് വലിയ മുതൽമുടക്ക് നടത്തിക്കൊണ്ട് ഈ പച്ചക്കറിയുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സംരംഭം തുടങ്ങുന്നതിനും സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കൃഷി വകുപ്പ് മുമ്പ് 50,000 രൂപ subsidy കൊടുത്തു കൃഷി ചെയ്യിച്ചു. ഇപ്പോൾ ഞാൻ പറഞ്ഞതാണ് സ്ഥിതി. അവിടെ ഒരു കൃഷിയുമില്ല. രൂപ തീർന്നുപോയി. അതുകൊണ്ടാണ് പച്ചക്കറിക്ക് വില കൂടുന്നത്. നമ്മുടെ ഉല്പാദനം നന്നേ കുറവ്. പുറത്തുനിന്നുള്ള പച്ചക്കറി വരവ് കുറഞ്ഞിരിക്കുന്നു. അവിടെ വരൾച്ചയാണ്. അതുകൊണ്ട് വിലകൂടി. വരവുകുറഞ്ഞാൽ വിലകൂടും. ഹോർട്ടി കോർപ്പ് ഏതാണ്ട് മൂന്നുനാല് കോടി രൂപയുടെ നഷ്ടമാണ് വരുത്തി വച്ചിരിക്കുന്നത്. ഗവൺമെന്റിന് സഹായിക്കാൻ പണമില്ല. അതുകൊണ്ട് ഇത് ലാഭമില്ലെങ്കിൽപ്പോലും നഷ്ടമില്ലാതെ നടത്തിയില്ലായെങ്കിൽ നിന്നു പോകുന്ന ഒരു സ്ഥിതിയാണ്. നമ്മുടെ സാമ്പത്തിക സ്ഥിതി അറിയാമല്ലോ ? അതുകൊണ്ട് ലാഭമില്ലാതെ ചെലവ് കുറച്ച് സാധനങ്ങൾ മാർക്കറ്റ് റേറ്റിനേക്കാൾ കുറച്ചു വിൽക്കുന്നു. ആവശ്യം വരുന്ന അവസരത്തിൽ ഗവൺമെന്റ് മൊത്തമായി കടം കൊടുക്കുന്നുണ്ട്. വില നിയന്ത്രിച്ചുനിർത്താൻ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി. ലോറി സമരം വന്നപ്പോൾ 25 ലക്ഷം രൂപ ഗവൺമെന്റ് അഡ്വാൻസ് ചെയ്ത് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി പച്ചക്കറി എടുപ്പിച്ചു. വില കൂടുന്നത് പിടിച്ചു നിർത്തി. അന്നുമാത്രം ഒന്നര ലക്ഷം രൂപയുടെ നഷ്ടം വന്നു. അത് സഹിച്ചു. ഒരു ദിവസം 80,000 രൂപയുടെ നഷ്ടം വന്നതുകൊണ്ട് ആലപ്പുഴ ഉൾപ്പെടെ ചില സ്ഥലങ്ങളിൽ horti corp stall-ളുകൾ നിർത്തൽ ചെയ്യേണ്ടിവന്നു. അങ്ങനെയാണെങ്കിൽ കച്ചവടം നടക്കുമോ ? നമ്മുടെ സാമ്പത്തിക സ്ഥിതിയും കൂടി കണക്കിലെടുത്ത് കേരളത്തിലെ സാധാരണക്കാരായ ആളുകളെ എങ്ങനെ സഹായിക്കാം എന്നുള്ള വിധത്തിലാണ് നടപടിയെടുത്തിട്ടുള്ളത്. കൂടുതൽ പണം ഗവണ്മെന്റിൽ നിന്ന് കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമം നടത്താം. കൂടുതൽ ഇൻവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടായാൽ നമുക്ക് കുറേക്കൂടി ഫലപ്രദമായ നടപടികൾ എടുക്കാൻ കഴിയും.

ശ്രീ. മത്തായി ചാക്കോ : ഇവിടെ പച്ചക്കറിയുടെ കാര്യം പറഞ്ഞതുപോലെ തന്നെ ഓണക്കാലത്തും വിഷുവിനും ടൺ കണക്കിന് പൂവ് വന്നു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മലബാർ മേഖലയിൽ. അത്തംമുതൽ പൂവിടാൻ വേണ്ടി പുറത്തുനിന്നും വരുന്ന പൂക്കളാണ് ഉപയോഗിക്കുന്നത്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് പൂ കൃഷി ഓണക്കാലത്ത് പ്രത്യേകമായി നടത്തുന്നതിനുവേണ്ടി ഹോർട്ടികോർപ്പ് വഴിയുള്ള ശ്രമം ഗവൺമെന്റ് നടത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഹോർട്ടികോർപ്പ് പൂവ് ഇപ്പോൾ വിൽക്കാൻവേണ്ടി വാങ്ങുന്നുണ്ട്. പൂ കൃഷി നടത്തുന്നതിന് ഗവൺമെന്റ് ഒരു പ്രോജക്ട് ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ അത് സ്ത്രീകൾക്ക് ഒരു തൊഴിലായി സ്വീകരിക്കുന്നതിനുവേണ്ടി നടപടിയെടുക്കാൻ ഇന്നിപ്പോൾ തീരുമാനമുണ്ട്. commercial ആയി കൃഷി നടത്താൻ ഒരു proposal വയനാടും അതുപോലെ ഇടുക്കിയുമാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ കൊല്ലം 2,250 വീടുകൾ പാലക്കാട് ഒരു പരീക്ഷണം എന്നുള്ള നിലയിൽ എടുത്തുനോക്കി. സ്ത്രീകൾ താല്പര്യം കാണിക്കുന്നുണ്ട്. പഴയ ഗവൺമെന്റിന്റെ കാലത്ത് കുറേ ഫ്ളോറികൾച്ചർ നടത്തിയിരുന്നു. ആ വിഭാഗക്കാരെയും സഹായിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി : സർ, കുടുംബശ്രീ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ വാങ്ങാൻ ഹോർട്ടി കോർപ്പിന് അനുവാദം നൽകുമോ ? അങ്ങനെ ഗ്രാമീണ തലത്തിൽ സംഭരണ-വിതരണ കേന്ദ്രങ്ങൾ ഉണ്ടാക്കി പൊതു കമ്പോളത്തിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കുടുബശ്രീ ഉണ്ടാക്കുന്നു എന്ന് പറഞ്ഞ് പ്രത്യേകമായിട്ടുള്ള വിധത്തിൽ അത് വാങ്ങുന്നതിന് എഗ്രിമെന്റ് ആയിട്ടില്ല. എവിടെയെല്ലാം പച്ചക്കറികൾ കിട്ടുന്നോ അവിടെയെല്ലാം ഗവൺമെന്റ് ഇടപെടാൻ പറഞ്ഞിട്ടുണ്ട്. കുടുംബശ്രീ കൂടുതൽ ഉല്പാദിപ്പിച്ചാൽ വാങ്ങാം പാലക്കാട് തക്കാളിക്ക് ഒരു രൂപ, ഒന്നര രൂപ, രണ്ട് രൂപ വില വന്നു. വാങ്ങാൻ ആളില്ലാതെ കിടന്ന് ചീയുകയാണ്. അപ്പോൾ ഇടപെടാൻ പറഞ്ഞു. ആ വിധത്തിലുള്ള സ്ഥലങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ ഇടപെടണം. അത് കൺസ്യൂമർക്ക് സഹായകമാകുന്ന വിധത്തിൽ ഡിസ്ട്രിബ്യൂട്ട് ചെയ്യാനാണ് ഹോർട്ടി കോർപ്പ്. അത് പുനഃസംഘടിപ്പിച്ചതിനുശേഷം വലിയ പരാതിയൊന്നും കേട്ടില്ല.

ശ്രീ. പിരപ്പൻകോട് മുരളി : അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി നഗരങ്ങളിലെ വീടുകളിലും ടെറസുകളിലും പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ തരത്തിൽ വീട്ടമ്മമാരെ പ്രേരിപ്പിക്കാൻ എന്തെങ്കിലും പ്രോജക്ടുകൾക്ക് രൂപം കൊടുക്കാൻ കൃഷി ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ ?

ശ്രീമതി കെ.ആർ ഗൗരിയമ്മ : ഞാൻ ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞതാണ്. തിരുവനന്തപുരം നഗരം beautify ചെയ്യാൻ അവിടെയുള്ള മാലിന്യങ്ങൾ ഉപയോഗിച്ചു വളമാക്കുക, അതേസമയം വീടുകൾക്ക് ആവശ്യമായ പച്ചക്കറിയും വീട് മനോഹരമാക്കാനുള്ള പുഷ്പവും മറ്റ് അത്യാവശ്യമായ തെങ്ങുകളും ആവശ്യമായിട്ടുള്ള മറ്റു വിളകളും വച്ചുപിടിപ്പിച്ച് നഗരം ഭംഗിയാക്കുന്നതിനുവേണ്ടി 'നഗരത്തിന്റെ ഒരു നാട്ടിൻപുറം' എന്ന ഒരു സ്കീം കൃഷി വകുപ്പ് തുടങ്ങിയിട്ടുണ്ട്. അത് നഗരത്തിലെ റസിഡൻസ് അസോസിയേനുമായി കൂടിയാലോചിച്ച് 13 റസിഡന്റ്സ് അസോസിയേഷനുകളുടെ സഹായത്തോടുകൂടി മാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് ഉണ്ടാക്കാനും ആ സാധനങ്ങൾ ഉപയോഗിച്ച് എല്ലാവരുടെയും വീട്ടിൽ കൂടുതൽ പച്ചക്കറി കൃഷിയും മറ്റു വിളകളും ഉണ്ടാക്കി നഗരം മനോഹരമാക്കാൻ ഒരു പ്രോജക്ട് ഉണ്ടാക്കിയിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷന്റെ ഏരിയായിൽ നടത്തുന്നത് അവരുടെ കമ്മിറ്റിയാണ്. കാർഷിക ഉദ്യോഗസ്ഥരുടെ സഹായവും ഉപദേശവും ഉണ്ടായിരിക്കും. അത്യാവശ്യം സബ്സിഡിയും കൊടുക്കും. പ്രാരംഭദശയിലാണ് കവടിയാർ, റസിഡൻഷ്യൽ ഏരിയയുടെ ചുറ്റിനുമുള്ള റസിഡൻഷ്യൽ അസോസിയേഷൻ എന്നെയും കൂട്ടി ചർച്ച നടത്തി. അത് നീക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിന് ആവശ്യമായ സഹായത്തിനുവേണ്ടി ഗവൺമെന്റുമായി ആലോചിച്ച് വേണ്ട നടപടിയെടുക്കുന്നതാണ്. ആവശ്യമായ സ്റ്റാഫിനെ അതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാഷണൽ ഹോർട്ടികൾച്ചർ ബോർഡിന്റെ ചില പദ്ധതികൾ ഉണ്ട്. ഇൻഡ്യ ഒട്ടാകെ നാഷണൽ ഹോർട്ടികൾച്ചർ ബോർഡ് ധാരാളം പണം കൊടുക്കുമ്പോൾ കേരള സംസ്ഥാനത്ത് അതിന്റെ പണം തുച്ഛമായിട്ടാണ് വരുന്നത്. നാഷണൽ ഹോർട്ടികൾച്ചർ ബോർഡിന്റെ ഇപ്പോഴത്തെ ഈ സമീപനം മാറ്റിക്കുവാനും കേരള സംസ്ഥാനത്ത് കൂടുൽ പണം ലഭിക്കുന്നതിനും വേണ്ടിയുള്ള നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : ഇപ്പോൾ പഴം, പച്ചക്കറി സ്പൈസസ് ഇതൊക്കെ ഉണ്ടാക്കുന്നതിനുവേണ്ടി നാഷണൽ ഹോർട്ടികൾച്ചർ കോർപ്പറേഷൻ പണം കൊടുക്കുന്നുണ്ട്. തേനീച്ച വളർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം സബ്സിഡൈസ്ഡ് ആയി ഒരു തുക സഹായധനമായിട്ട് അവർ തന്നിട്ടുണ്ട്. മറ്റ് ഏതെല്ലാം കൃഷിക്ക് അവർ കൊടുക്കുന്നുണ്ട്, പ്രൈവറ്റ് വ്യക്തികൾക്കും ബാക്കിയുള്ളവർക്കുമെല്ലാം എത്ര കൊടുക്കുന്നുണ്ട് എന്നെല്ലാം പരിശോധിക്കുന്നുണ്ട്. ഇപ്പോൾ അടൂർ നാഷണൽ ഹോർട്ടികൾച്ചർ ബോർഡിന്റെ സഹായത്തോടുകൂടിയുള്ള വാനില കൃഷി 10,000 വീടുകൾക്ക് ഒന്നിച്ച് നടത്തുവാനുള്ള നടപടിയെടുക്കുന്നതിന് മെമ്പറുടെ അപേക്ഷ അവർ പരിഗണിച്ചുവരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേരളീയരുടെ ഭക്ഷണരീതിയുടെ പ്രത്യേകതകൊണ്ട് പലതരത്തിലുള്ള അസുഖങ്ങളും ഈ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായിട്ട് പല പഠനങ്ങളിലും തെളിഞ്ഞിട്ടുണ്ട്. അതിൽ പ്രധാനമായും പറയുന്നത് പച്ചക്കറിയുടെ ഉപയോഗം കേരളത്തിൽ വളരെ കുറവാണെന്നാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടുമാത്രമെ നമുക്ക് ഇതിനെ നേരിടാൻ കഴിയൂ എന്നത് ഈ ഗവൺമെന്റ് ഒരു പരിപാടിയായി അംഗീകരിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ഗവൺമെന്റ് പതിപ്പിക്കാത്തതുകൊണ്ടല്ലേ ഈ ലോറി സമരം ഉണ്ടായ കാലത്ത് അങ്ങനെ ലോറിസമരം മുൻകൂട്ടി പ്രഖ്യാപിച്ചിട്ടും അത് കൈകാര്യം ചെയ്യുന്നതിലുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യാത്തത്. പച്ചക്കറിയുടെ വിലവർദ്ധനവിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് യാതൊരു ധാരണയും ഇല്ലെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത് ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : ധാരണ ഇല്ല എന്നുപറയാൻ പറ്റില്ല. പഴം പച്ചക്കറി മാത്രം ഉൽപ്പാദിപ്പിക്കാൻ 150-തോ, 170-തോ കോടി രൂപ ഉപയോഗിച്ചു. European union-നുമായി ധാരണ ഉണ്ടാക്കി കൃഷി നടക്കുന്നുണ്ട്. അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു തുടങ്ങിയതാണ്. 10 കൊല്ലം കൊണ്ടോ, 20 കൊല്ലംകൊണ്ടോ നമുക്ക് സാധിക്കാവുന്ന ഒരു പ്ലാനായി ചെയ്തെങ്കിൽ മാത്രമെ ആവശ്യമുള്ള പച്ചക്കറി ഉല്പാദനം നടത്താൻ പറ്റുകയുള്ളൂ. പിന്നെയും പിന്നെയും ജനസംഖ്യ വർദ്ധിക്കുമ്പോൾ കൂടുതൽ ആവശ്യമായിട്ടു വരും. നമ്മുടെ കൃഷിരീതിയിൽ വന്ന മാറ്റം, അതുപോലെതന്നെ ജനങ്ങൾക്കിടയിൽ കൃഷിയോടുണ്ടായ ഒരു മടുപ്പ് അല്ലെങ്കിൽ കൃഷിചെയ്യാൻ ഒരു അനാസ്ഥയും

ഒക്കെ വന്നതും പച്ചക്കറികൃഷി കുറയാൻ കാരണമാണ്. പഴയകാലത്ത് നമ്മുടെയൊക്കെ വീടുകളിൽ തന്നെയാണ് നമുക്കാവശ്യമുള്ള പച്ചക്കറികൾ ഉല്പാദിപ്പിച്ചിരുന്നത്. ഇടവിള ഉണ്ടായിരുന്നു ഇന്ന് ആരും ചെയ്യാറില്ല. കൃഷി ഒരു രണ്ടാംതരം ജോലിയാണെന്ന് എല്ലാവരും കണക്കാക്കിയതുകൊണ്ടാണ് ഇങ്ങനെ വന്നത്. കൃഷിക്കുവേണ്ട മാന്യതയുണ്ടാക്കാൻ നമ്മളൊന്നു ശ്രമിച്ചാൽ കൃഷി സ്വാഭാവികമായും വളരും. നമുക്കാവശ്യമുള്ള പച്ചക്കറികൾ കിട്ടും. ഇപ്പോൾ ഇടവിള ഒരു സ്കീമായിട്ട് എടുത്തിട്ടുണ്ട്. ഒരു പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്. അത് വച്ചുകൊണ്ടുള്ള നടപടികൾ എടുത്തുതുടങ്ങി. പച്ചക്കറിക്കൃഷി മറ്റു സ്ഥലത്തേക്കും വ്യാപിപ്പിക്കുന്നുണ്ട്. അത് വിൽക്കുന്നതിനുവേണ്ടിയിട്ടുള്ള അഗ്രിക്കൾച്ചർ എക്സ്പോർട്ട് സോൺകൂടി വന്നിട്ടുണ്ട്, ഇതെല്ലാം വന്നുകഴിയുമ്പോൾ ഇത് ചെയ്യുന്ന ആളുകൾക്ക് ഒരു ഉത്തേജനം വരും, അങ്ങനെ ആ വിധത്തിൽ കൃഷി ചെയ്യുന്നവർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് വില കിട്ടും എന്നുള്ള ഒരു ധാരണ ഉണ്ടായാൽത്തന്നെ കൂടുതൽ കൃഷിയുണ്ടാകും, അതിന് നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ബഹുമാനപ്പെട്ട കൃഷിമന്ത്രി പഴങ്ങളുടെയും മറ്റും വില നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പല ചോദ്യങ്ങൾക്കായിട്ട് മറുപടി നൽകി. പച്ചക്കറി കൃഷിക്ക് രാസവളങ്ങളും മറ്റു കീടനാശിനികളുമെല്ലാം ഉപയോഗിക്കുന്നതിന്റെ ഫലമായി ആ പഴങ്ങളും പച്ചക്കറികളും എല്ലാംതന്നെ നല്ല വലിപ്പം ഉള്ളതായി തീരുകയും അത് ആളുകളെ ആകർഷിക്കുകയും ചെയ്യുന്നു. എന്നാൽ അത്തരത്തിലുള്ളവ മുഴുവൻ രോഗാതുരമായിട്ടുള്ള നിലയിൽ കൊള്ളലാഭം കിട്ടുന്നതിനുവേണ്ടി നമ്മുടെ അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ട് കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. സർപ്രൈസ് ചെക്കിംഗ് നടത്തുന്ന ഫുഡ് ഇൻസ്പെക്ടർമാരുടെ പരിശോധനയിൽ ഇത് പല പ്രാവശ്യം പെടുകയും ചില പൊടികൾ പച്ചക്കറി സാധനങ്ങളുടെ ഇടയിൽവച്ചിട്ടുള്ളത് ഫുഡ് ഇൻസ്പെക്ടർമാർ പലപ്രാവശ്യം കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ജീവന്റെ നേരെ നടത്തുന്ന അത്തരം ആക്രമണത്തിനെതിരായി ശക്തമായ നടപടി എടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

ശ്രീമതി കെ.ആർ ഗൗരിയമ്മ : ചോദിച്ചത് ഒടുവിലത്തേതല്ലേ, നടപടി എന്തെടുത്തു എന്ന്. അത് ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ് നടപടി എടുക്കുന്നത്, അത് അന്വേഷിച്ചിട്ടേ എനിക്ക് ഡീറ്റെയിൽസ് പറയാൻ സാധിക്കൂ.

ശ്രീ. എ. പി. അനിൽ കുമാർ : ഇവിടെ എല്ലാവരും അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറികളിൽ ഉണ്ടാകുന്ന രാസവസ്തുക്കളെക്കുറിച്ചും കീടനാശിനികളെക്കുറിച്ചും പറയുകയുണ്ടായി. വളരെ ഗുരുതരമായ അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത് അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് രാസവളങ്ങളും കീടനാശിനികളും തളിച്ച പച്ചക്കറികളും പഴങ്ങളും ഒരു ഭാഗത്തുള്ളപ്പോൾ അതിനെ അതിജീവിക്കാൻ നമുക്ക് ചെയ്യാറുന്ന ഏക കാര്യം ഓർഗാനിക് ഫുഡ് പ്രോഡക്ട്സ് (ജൈവ കാർഷിക ഉൽപ്പന്നങ്ങൾ) വിതരണം ചെയ്യുക എന്നുള്ളതാണ്. അത് രാജ്യത്തൊട്ടുക്കും ഇന്ന് പ്രോൽസാഹിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ്. പക്ഷെ കേരളത്തിൽ എന്റെ അറിവിൽ എറണാകുളത്തു മാത്രമാണ് അതിന് ഒരു സ്റ്റാൾ ഉള്ളത്. അതുകൊണ്ട് ഓർഗാനിക് ഫുഡ് പ്രോഡക്ട്സിന്റെ കൂടുതൽ സ്റ്റാളുകൾ ഹോർട്ടി കോർപ്പിന്റെ ഹരിത സ്റ്റാളുകളിലൂടെ കൂടുതൽ കടകൾ ഉണ്ടാക്കുവാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. ആർ ഗൗരിയമ്മ : ഇത് സാധനങ്ങൾ ഉണ്ടാക്കിയിട്ടുവേണം സ്റ്റാളുകൾ തുടങ്ങാൻ. ഇപ്പോൾ പഴം പച്ചക്കറികൾക്ക് എക്സ്പോർട്സ് പ്രോസസ് സോൺ വന്നുകഴിഞ്ഞപ്പോൾ പുറത്തേക്ക് കയറ്റി അയയ്ക്കാൻ ഓർഗാനിക് ഫുഡ് പ്രോഡക്ട്സും organic പഴം പച്ചക്കറികളും ഉണ്ടാക്കാനും നടപടികൾ എടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. കുറച്ചു സ്ഥലത്തേക്കാണ്. കയറ്റി അയയ്ക്കാനും അവിടത്തെ മുഴുവൻ ജനങ്ങൾക്കും ഉപയോഗിക്കാൻ ആവശ്യമായത് ഉല്പാദിപ്പിക്കാൻ സമയം എടുക്കും ജനങ്ങൾ ഏറ്റെടുത്താലെ ഇതു നടക്കു. ഇങ്ങനെ ഉല്പാദിപ്പിക്കാൻ നോക്കാവുന്നതാണ്. സാധാരണ രാസവളം ഉപയോഗിക്കുന്നത് വിഷകരമാണെന്നുള്ളത് മനസ്സിലാക്കി മിക്കവാറുമുള്ള കൃഷിക്കാർ കൂടുതൽ രാസവളം ഉപയോഗിക്കുന്നില്ല. പുറത്തുനിന്നു വരുന്ന സാധനങ്ങളാണ് കൂടുതൽ വാങ്ങുക. സാധാരണ ഒരു കുല കുലച്ചുകഴിഞ്ഞാൽ വലുതാകാൻ വേണ്ടി, രാസവളം അതേൽ തളിക്കുന്ന ആളുകളും ഉണ്ട്. കുലയിൽ രാസവളം തളിച്ച് കായ്ക്ക് വണ്ണം കൂട്ടുന്ന ആളുകളും ഉണ്ട്. ഇപ്പോൾ അതെല്ലാം കുറഞ്ഞുവരികയാണ്. അതിനെതിരായിട്ടുള്ള വിധത്തിൽ പച്ചക്കറി ഉപയോഗം കൂടിയതും കാരണമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ വിധത്തിലുള്ള വള പ്രയോഗം കുറഞ്ഞുവരുന്നുണ്ട്. ഗവൺമെന്റ് അതിനാവശ്യമായിട്ടുള്ള പ്രോപ്പഗണ്ട നടത്തുന്നുണ്ട്, പുതിയതായിട്ട് ജൈവവളപച്ചക്കറി കൃഷി വികസിപ്പിക്കത്തക്ക വിധത്തിൽ പ്രോൽസാഹനവും സബ്സിഡിയും കൊടുത്തു കൃഷി വകുപ്പ് നടപടി തുടങ്ങിയിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : പച്ചക്കറിയുടെ വില നിയന്ത്രിക്കണമെങ്കിൽ തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത് കൂടാതെ കേരളത്തിൽ അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങൾ വ്യാപകമായി കൃഷിചെയ്യണം. 2002-ൽ നമ്മുടെ കാർഷിക സർവ്വകലാശാല മനോഹരമായ ചില പേരുകൾ ഇട്ടു. ഉദാഹരണമായി ചീരയ്ക്ക് മോഹിനി എന്നും, വെണ്ടയ്ക്ക് സുസ്ഥിരത എന്നും തക്കാളിക്ക് അനഘ എന്നും, എള്ളിന് തിലറ എന്നും പച്ചക്കറിയായ പടവലത്തിന് ബേബി എന്നുമൊക്കെ പേരിട്ടത് കൊള്ളാം. പക്ഷെ ഈ പച്ചക്കറികൾ നമ്മുടെ കൃഷിഭവൻ മുഖേന നമ്മുടെ അടുക്കള തോട്ടങ്ങളിലും കൃഷിക്കാരിലും എത്തിക്കാനുള്ള വ്യാപകമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : മനോഹരമായ സാധനങ്ങൾക്കെല്ലാം പെണ്ണുങ്ങളുടെ പേരാണ് ഇട്ടിരിക്കുന്നത്. ഇങ്ങനെ പച്ചക്കറികൾക്ക് പേര് മാറ്റിയത് കാർഷിക കോളേജിലെ പ്രോ-ചാൻസലർ ആണ്, ഞാൻ അറിഞ്ഞിട്ടില്ല. ഇങ്ങനെയൊക്കെ പേര് മാറ്റിയത് നന്നായി. ഏതായാലും പച്ചക്കറികൃഷി മറ്റുവിധത്തിൽ ഓർഗാനിക് വളം ഉപയോഗിച്ചുകൊണ്ട് നടത്തുന്നതിനാവശ്യമായിട്ടുള്ള പ്രോൽസാഹനവും, പ്രോപ്പഗണ്ടയും ഗവൺമെന്റ് നടത്തുന്നുണ്ട്. അത് ഇന്റൻസിഫൈ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : പച്ചക്കറിക്കും അതിന്റെ കൂടെയുള്ള വിഷത്തിനും വില കൊടുത്തുകൊണ്ട് കേരളത്തിന് ഒരുപാട് കാലം ഇങ്ങനെ മുന്നോട്ടുപോകാൻ പറ്റില്ല. കേരളത്തിലെ പച്ചക്കറികൃഷിയെ പ്രോൽസാഹിപ്പിക്കാൻവേണ്ടി ചെയ്യേണ്ടത് ചെയ്യാം എന്നിവിടെ മന്ത്രി പറയുകയും ചെയ്തു. എന്റെ അനുഭവത്തിൽ നിന്ന് ഞാൻ പറയാം, ഒന്നാംതരം വളക്കൂറുള്ള മണ്ണും, നല്ല കർഷകരും ഞങ്ങളുടെ നാദാപുരത്തുണ്ട്, അവിടെ കൃഷി നടത്തുന്നതിന് ഒരു പരിപാടിയും ഇല്ല. ഈ പറയുന്ന പദ്ധതികളൊക്കെ പുസ്തകത്തിലോ അല്ലെങ്കിൽ മന്ത്രിയുടെ വാക്കുകളിലോ മാത്രം ഉണ്ടായാൽ പോരാ, ഇത് താഴത്തേക്ക് എത്തിയാൽ വൻതോതിൽ കേരളത്തിൽ പച്ചക്കറിയുണ്ടാക്കാൻ പറ്റും, വിപണനം ചെയ്യാൻ പറ്റും. അതിനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടത് ?

മി. സ്പീക്കർ : ഈ സർക്കാർ ഇല്ലെങ്കിൽ പച്ചക്കറി കൃഷി ചെയ്തുകൂടേ ?

ശ്രീ. ബിനോയ് വിശ്വം : പച്ചക്കറി ഉണ്ടാക്കി കഴിഞ്ഞാൽ വിപണനത്തിനുള്ള മാർഗ്ഗം ഉണ്ടാക്കണം. അത് കൃഷിക്കാർക്ക് പറ്റില്ല, അത് സർക്കാരിനേ പറ്റൂ. അതാണ് വിഷയം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ശ്രീ. ബിനോയ് വിശ്വം പറയുന്നത് അഗ്രിക്കൾച്ചറൽ പാക്കേജും കൃഷിയും ഇന്നലെയോ മറ്റോ ആണ് തുടങ്ങിയത് എന്നുള്ള നിലയിലാണല്ലോ. എത്ര കാലമായി അത് തുടങ്ങിയിട്ട്. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശരിയാക്കാതെ വന്നതിന്റെ ഫലമായിട്ടായിരിക്കും അവിടെ പച്ചക്കറിയും മറ്റും ഇല്ലാതെവന്നത്. കോഴിക്കോട് VFPCK-യുടെ പ്രവർത്തനമുണ്ടോ എന്നന്വേഷിക്കും നാദാപുരത്താണോ, വൈക്കത്താണോ ഏത് ഭാഗത്താണ് പച്ചക്കറി കൃഷിയില്ല എന്നുപറഞ്ഞതെന്ന് എനിക്കറിയില്ല. ഏതായാലും കൃഷിവകുപ്പുള്ള സ്ഥലങ്ങളിലെല്ലാം നിങ്ങൾതന്നെ പറഞ്ഞ ഹരിത സംഘങ്ങളിൽ പോയിരുന്നു. കൃഷി നടക്കുന്നുണ്ട്, പ്രത്യേകമായിട്ട് നിങ്ങളുടെ നാദാപുരത്ത് തെങ്ങാണ് കൃഷി. ഏതായാലും അവിടെ കൃഷി വ്യാപിപ്പിക്കാൻ നടപടിയെടുക്കാം.

ശ്രീ. അടൂർ പ്രകാശ് : പച്ചക്കറികളുടെയും പഴങ്ങളുടെയും വില നിയന്ത്രിക്കാൻ കഴിയണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അതിന്റെ ഉൽപാദനം വർദ്ധിപ്പിച്ചാൽ മാത്രമേ നിയന്ത്രിക്കാൻ കഴിയൂ. നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും നശിച്ചുപോകാതെ preserve ചെയ്ത് വയ്ക്കാനുള്ള നടപടികളാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. വിദേശരാജ്യങ്ങളിൽ പച്ചക്കറികളാണെങ്കിലും പഴവർഗ്ഗങ്ങളാണെങ്കിലും preserve ചെയ്ത് വയ്ക്കുന്നുണ്ട്. അവരത് ആവശ്യാനുസരണം വിപണനം ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്ത് വേണം. എന്റെ നിയോജക മണ്ഡലത്തിൽ തന്നെ വളരെയധികം ആളുകൾ ഈ രംഗത്ത് മുന്നോട്ട് വരുന്നുണ്ട്. അവിടെയൊക്കെ വളരെയധികം പച്ചക്കറികളുടേയും പഴങ്ങളുടേയും ഉൽപാദനം നടക്കുന്നുണ്ട്. ഇത്തരം സ്ഥലങ്ങൾ തെരഞ്ഞുപിടിച്ച് അവിടെയൊക്കെ ഇവ നശിച്ചുപോകാതെ പ്രിസർവ് ചെയ്ത് സൂക്ഷിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ ഗൗരിയമ്മ : ഹോർട്ടികോർപ്പിന്റെ കീഴിൽ പഴം-പച്ചക്കറികൾ പ്രിസർവ് ചെയ്യുന്നത് freeze ചെയ്യുന്നതിനുള്ള 2 കേന്ദ്രങ്ങളുണ്ട്. ഒന്ന് മൂന്നാറിലാണ്. അത് ഉപയോഗിക്കുന്നുണ്ട്. ഒന്ന് എരുത്തിയാംപതിയിൽ. അതിന്റെ കൺസ്ട്രക്ഷൻ തീരാതെ കിടക്കുകയാണ്. Agricultural Export Zone agreement ഒപ്പുവച്ചുകഴിഞ്ഞ സ്ഥിതിക്ക് പച്ചക്കറി കയറ്റി അയയ്ക്കാനും സൂക്ഷിച്ചു വയ്ക്കാനുമായി private മുതൽ മുടക്കാം. അല്ലെങ്കിൽ പഴം പച്ചക്കറി കയറ്റി അയയ്ക്കുന്നതിന് ആവശ്യമായ സഹായം APEDA കൊടുക്കും. മറ്റ് വിധത്തിലുള്ള നടപടികളുമുണ്ടാകും. ഇതിന്റെ ഭാഗമായി ഒരു സ്കീം ഗവൺമെന്റിനുതന്നെ ഉണ്ട്. പ്രൈവറ്റ് വ്യക്തികൾ അപേക്ഷിച്ചാലും കൊടുക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥ APEDA-യുടെ സ്കീമിൽ ഉണ്ട്. ആ വിധത്തിൽ പ്രൈവറ്റ് വ്യക്തികൾക്കും അപേക്ഷിക്കാം. ഗവൺമെന്റ് ആവശ്യമായ സഹായം genuine case-ന് നൽകും.

ഡോ. തോമസ് ഐസക് : പച്ചക്കറികളുടെയും പഴങ്ങളുടെയും വിലകൾ ശേഖരിക്കുന്നതിനും അത് പൊതുജനങ്ങളേയും കൃഷിക്കാരേയും അറിയിക്കുന്നതിനുമുള്ള Marketing Intelligence സംവിധാനം ഇല്ല. അതില്ലാതെ വില നിയന്ത്രണത്തെക്കുറിച്ച് സംസാരിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് അത്തരത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിന് ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇപ്പോൾ ഗവൺമെന്റ് കൃഷിക്കാരുടെ ഇടയിൽ വിജ്ഞാനം പകരുന്നതിനുവേണ്ടി ഒരു നടപടി എടുത്തിട്ടുണ്ട്. അത് കിസാൻ എന്ന് പറയുന്ന പ്രോഗ്രാമാണ്. Trible IT MIL-യുമായി എഗ്രിമെന്റ് വച്ച് വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച്, ടെലിവിഷനിൽകൂടി, ഏഷ്യാനെറ്റുമായാണ് ഞങ്ങളിപ്പോൾ എഗ്രിമെന്റായിട്ടുള്ളത്. ഉടനേ അത് സ്റ്റാർട്ട് ചെയ്യുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ ഉണ്ട്. 2 മാസത്തിനകം തിരുവനന്തപുരം ജില്ലയിലെ 10 പഞ്ചായത്തുകളിൽ തുടങ്ങും. കേരളത്തിൽ മുഴുവനുമായി വിജ്ഞാന വ്യാപനത്തിനുവേണ്ടിയുള്ള പ്രോഗ്രാമുമുണ്ട്. കെ.പി.പി. നമ്പ്യാർ ഒരു സ്കീമായി കൊണ്ടുവന്ന് തന്നതാണ്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 2 മാസത്തിനകം അത് ആളുകൾക്ക് കേൾക്കത്തക്കവിധത്തിലുള്ള നടപടികൾ ഉണ്ടാകുന്നതാണ്. വില നിർണ്ണയക്കമ്മീഷൻ കൃഷി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുണ്ട്. അവർക്ക് ഇതുകൂടി ഏറ്റെടുക്കാൻ പറ്റുമോ എന്നു പരിശോധിക്കാം.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർക്കാരിന്റേയും കൃഷിവകുപ്പിന്റേയും ഒന്നും സഹായമില്ലെങ്കിലും നല്ല മണ്ണും നല്ല കൃഷിക്കാരനുമുണ്ടായാൽ ജനങ്ങളുടെ സഹകരണത്തോടുകൂടി കൃഷി ചെയ്യാമെന്ന് ഞങ്ങൾ തെളിയിക്കുകയുണ്ടായി. ജനപ്രതിനിധികളുടെ കൂട്ടായ്മയോടുകൂടി മാതൃകാപരമായി സ്ത്രീകൾ പച്ചക്കറി കൃഷി നടത്തി സർക്കാരിന്റെ ഒന്നും സഹായമില്ലാതെ ചെയ്ത സ്ഥലമുണ്ട്. എന്റെ ചോദ്യം, കേരളത്തിലെ പച്ചക്കറി കൃഷിയും പഴങ്ങളുടെ കൃഷിയും വികസിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച Vegitables and Fruits Promotion Council of Kerala, എറണാകുളം ആസ്ഥാനമായിട്ടുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ കേരളത്തിൽ എവിടെല്ലാമുണ്ട്, ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കഴിഞ്ഞ കൊല്ലം ആലപ്പുഴയും കൊല്ലവും എടുത്തിരുന്നു. ഈ കൊല്ലം പത്തനംതിട്ടയെടുത്തിരുന്നു. ഇപ്പോൾ വയനാട്ടിലും ഇടുക്കിയിലും കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. മിക്കവാറും വടക്കൻ പ്രദേശത്തുള്ള ജില്ലകളിലൊഴിച്ച് ബാക്കിയുള്ള ജില്ലകളിലൊക്കെ VFPCK-യുടെ പ്രവർത്തനം ആയിട്ടുണ്ട്. ഇനി വടക്കുള്ള രണ്ടുമൂന്ന് ജില്ലകൾ മാത്രമേയുള്ളൂ. അതുകൂടി phased ആയി എടുക്കുന്നതാണ്. ഇതിനിടയിൽ intercroping തുടങ്ങിയാൽ കേരളത്തിലെ ആവശ്യത്തിന് പച്ചക്കറിയാകും.

ശ്രീ. എം. വി. ജയരാജൻ : കഴിഞ്ഞ ലോറി സമരകാലത്ത് ഗൗരവമായ ഒരു പ്രശ്നംതന്നെ ഉയർന്നു വന്നിരുന്നു. ഹോർട്ടികോർപ്പ് എന്ന് പറയുന്നത് പച്ചക്കറികൾ സംഭരിക്കാനും ചുരുങ്ങിയ വിലയ്ക്ക് ജനങ്ങൾക്ക് നൽകുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനമാണ്. അങ്ങനെയാണ് 736-ഓളം സ്റ്റാളുകൾ ഹോർട്ടികോർപ്പിന്റെ കീഴിൽ ആരംഭിച്ചത്. ജനങ്ങളെ സഹായിക്കാൻവേണ്ടി ചുമതലയുള്ള ഹോർട്ടികോർപ്പിന്റെ മാനേജിംഗ് ഡയറക്ടർ ഒരു പത്രക്കുറിപ്പ് ഇറക്കി. തക്കാളിയുടെ വില ഏഴ് രൂപയിൽ നിന്ന് 19.50 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഒരു പത്രക്കുറിപ്പിറക്കി. ക്യാരറ്റിനും അതുപോലെ എല്ലാറ്റിനും വില വർദ്ധിപ്പിച്ചുകൊണ്ട് അത് വരുന്നതിനുണ്ടായ അടിസ്ഥാന പ്രശ്നം ഇത് വാങ്ങി ശീതികരിച്ച് സൂക്ഷിക്കുവാനുള്ള സൗകര്യമില്ല. ഇ. ഇ. സി. യുടെ സഹായത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരത്ത് നെടുമങ്ങാട്, ആനയറ, കോഴിക്കോട്ട് വേങ്ങേരി, എറണാകുളത്ത് മരട്, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ 6 മാർക്കറ്റുകൾ അനുവദിച്ചു. അതിന്റെ പണി പൂർത്തിയായിട്ട് ഒന്നര വർഷമായി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഈ മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ, സംഭരണ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ശ്രീ. ജയരാജനെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. നിങ്ങൾ പോകുന്നതിന് മുമ്പ് മാർക്കറ്റെല്ലാം പൂർത്തിയായെന്ന് ആരു പറഞ്ഞു ? തിരുവനന്തപുരത്തും, കോഴിക്കോടും, വയനാട്ടിലും എറണാകുളത്തും നെടുമങ്ങാടും ഒന്നും പൂർത്തിയായിട്ടില്ലായിരുന്നു. ഇലക്ട്രിസിറ്റിയൊക്കെ കിട്ടിയാലേ അത് പൂർത്തിയാകൂ. തിരുവനന്തപുരത്തേത് കഴിഞ്ഞ ജനുവരിയിലാണ് കെട്ടിടം പൂർത്തിയായി കിട്ടിയത്. അത് നടത്തുന്നതിന് വേണ്ടിയുള്ള ടെണ്ടർ വിളിച്ചു. ടെണ്ടർ വിളിച്ചിട്ട് വളരെ കുറച്ച് ആളുകൾ മാത്രമാണ് മുറിയെടുക്കാൻ വന്നിരിക്കുന്നത്. ചുമട്ടുതൊഴിലാളികളെ ഒഴിവാക്കി നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു. സാധാരണക്കാർക്ക് അല്ലെങ്കിൽ കൃഷിക്കാർക്ക് ഇത് ബാധകമല്ലെന്ന്. അതവർ ഇഷ്യൂവാക്കി. നോട്ടിഫിക്കേഷൻ വേറെ ഇഷ്യൂ ചെയ്തു. അവിടെയൊന്നും ഫ്രീസറില്ല. ഇനി ഫ്രീസറൊക്കെ ഉണ്ടാകണം. ടെണ്ടർ വിളിച്ച് വാങ്ങിച്ച് ആവശ്യം വരുമ്പോൾ വയ്ക്കണം. ഇലക്ട്രിസ്റ്റി ഇല്ല. ഇപ്പോൾ കോഴിക്കോട് 30 ലക്ഷം രൂപ കൊടുക്കണമെന്ന് പറഞ്ഞ് വന്നിരിക്കുകയാണ്. കെട്ടിടം വിട്ടുകിട്ടിയിട്ടില്ല. കണക്ഷനില്ല. കോടതിയിൽ കേസാണ്. വയനാട് മാർക്കറ്റ് വിട്ടുകിട്ടാൻ ഉദ്ഘാടനമൊക്കെ ചെയ്തുകാണും. മാർക്കറ്റ് കൈയിൽ കിട്ടട്ടേ. നെടുമങ്ങാട് കിട്ടി, മൂവാറ്റുപുഴ കിട്ടി. മൂവാറ്റുപുഴ 37 കടകളോളം പോയി. വളരെ കുറച്ചേ പോയിട്ടുള്ളൂ. തിരുവനന്തപുരത്ത് ടെണ്ടർ വിളിച്ചപ്പോൾ 29 പേർ, വന്നത് ഏഴോ എട്ടോ ആണ്. എല്ലാ സൗകര്യങ്ങളും ചെയ്ത് അത് തുറക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻ കുമാർ : രാഷ്ട്രീയ സംഘടനങ്ങളുടെ മറവിൽ കാർഷിക വിളകളും പച്ചക്കറികളും വെട്ടി നശിപ്പിക്കുന്ന പ്രവണത ഇന്ന് എല്ലാ പ്രദേശങ്ങളിലും ഏറിവരികയാണ്. നമ്മുടെ ചലച്ചിത്രങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും നായകനായാലും വില്ലനായാലും വിദൂഷകനായാലും അവരുടെ വീര്യം പ്രകടിപ്പിക്കുന്നത് പച്ചക്കറികൾ അടിച്ചു നശിപ്പിച്ചുകൊണ്ടാണ്. നിഷേധാത്മകമായ ഒരു സംസ്ക്കാരമാണ് രാഷ്ട്രീയ രംഗത്ത്, ദൃശ്യമാദ്ധ്യമ രംഗത്ത് വളർന്നുവരുന്നത്. എന്റെ ചോദ്യം, ഒരു പുതിയ സംസ്ക്കാരം പിഞ്ചുമനസ്സുകളിൽ വേരുന്നുന്നതിനു വേണ്ടി നമ്മുടെ പ്രൈമറി സ്ക്കൂളുകളിലും നഴ്സറി സ്ക്കൂളുകളിലും അതുപോലെ യു.പി. സ്കൂളുകളിലും ഒന്നുരണ്ട് പച്ചക്കറികൾ കുട്ടികളുടെയും അദ്ധ്യാപകരുടെയും സഹായത്തോടുകൂടി വളർത്തിയെടുക്കാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ കൊല്ലം 232 സ്കൂളുകളിൽ പച്ചക്കറി കൃഷി നടത്താനുള്ള സഹായം കൊടുക്കുന്നുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല പഴയ എല്ലാ ഗവൺമെന്റുകളുടെ കാലത്തും നടക്കുന്നുണ്ടായിരുന്നു. അത് ഔപചാരികമായിട്ട് മാത്രമേ നടക്കുന്നുള്ളൂ. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഇത് നടക്കില്ല. അതിന് നിങ്ങളുടെയൊക്കെ സഹായം അഭ്യർത്ഥിക്കുകയാണ്. ഓരോ കൃഷി ഓഫീസിലും കൃഷി വികസന സമിതികൾ ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ ഇവിടെനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. അതിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പ്രാതിനിധ്യം കൊടുത്തിട്ടുണ്ട്. നിയമസഭയിലുള്ള എല്ലാ പാർട്ടികളുടെ പ്രതിനിധികളുണ്ട്. ബി. ജെ. പി. ക്കു പ്രാതിനിധ്യം ഉണ്ട്. ബി. ജെ. പി. രാജ്യം ഭരിക്കുന്ന പാർട്ടിയാണ്. ഈ കമ്മിറ്റിക്ക് വളരെയധികം അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് കൃഷി ആഫീസിൽ കൂടി നടത്തുന്ന എല്ലാ പ്രോഗ്രാമും നിങ്ങൾക്കു തീരുമാനിക്കാം ഉപദേശിക്കാം. സംസ്ഥാനം നമ്മുടേതാണ്. ഞങ്ങൾ ഇപ്പുറത്ത് ഇരിക്കുന്നു. അതിനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറായാൽ അബദ്ധം ഒന്നും ഉണ്ടാകില്ല. ആരും കമ്മിറ്റിയിൽ പോകാറില്ല. പ്രാതിനിധ്യത്തിനു വഴക്കിടാറുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇവിടെ ഹോർട്ടികോർപ്പറേഷൻ നഷ്ടത്തിലാണെന്ന് പറഞ്ഞു. കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് പച്ചക്കറിയും പഴവും പോകുന്നുണ്ട്. ഹോർട്ടികോർപ്പറേഷൻ ഇക്കാര്യത്തിൽ ഏതെങ്കിലും പദ്ധതികളെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ? നമ്മുടെ ജൈവവളങ്ങളിൽ നിന്നുണ്ടാക്കുന്ന പ്രത്യേകിച്ച് വിദേശരാജ്യങ്ങളിൽ താൽപ്പര്യമുള്ള പഴങ്ങൾ, ചക്ക അടക്കം കയറ്റിയയ്ക്കുന്ന പദ്ധതിയെ സംബന്ധിച്ചിടത്തോളം ആലോചന നടത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഹോർട്ടികോർപ്പറേഷൻ കമേഴ്സ്യൽ സ്ഥാപനമായിട്ട് നടത്താനല്ല, അത് ഇവിടുത്തെ പ്രൈസ് സ്റ്റെബിലൈസേഷന് വേണ്ടിയും കർഷകർക്ക് വില കുറയുമ്പോൾ അധികം വിലകുറയാതിരിക്കാനും കൺസ്യൂമർക്ക് അധികം വില ഉയരാതെ കൊടുക്കുന്നതിനും വേണ്ടിയുള്ള മാർക്കറ്റ് ഇന്റർവെൻഷൻ സ്ഥാപനമാണ്. ആ മാർക്കറ്റ് ഇന്റർവെൻഷൻ തന്നെ ഫലപ്രദമായി നടപ്പാകാത്തിടത്തോളം അത് കയറ്റി അയയ്ക്കുന്ന കാര്യം ആലോചിച്ചിട്ട് കാര്യമില്ല. ഇത് ഭംഗിയാക്കി നടത്തുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കണം. അതാണ് ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ : പച്ചക്കറിയുടെയും പഴത്തിന്റെയും വില നിയന്ത്രണമാണ് ഇവിടെ ചോദ്യം. അങ്ങ് പറഞ്ഞതുപോലെ ആവശ്യത്തിന് ഇത് കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് വില കൂടുന്നത്. നമ്മുടെ പ്രാണവായുവും ശുദ്ധജലവും പോലെതന്നെ പച്ചക്കറിയും നമ്മളെല്ലാവരും ഏത് നേരവും കഴിക്കേണ്ട ഒരു വസ്തുവാണ്. നമ്മൾ കഴിക്കുന്നതാണ്. അതിനുള്ള പ്രാധാന്യം നമ്മുടെ ഗവൺമെന്റുകൾ കൊടുക്കാറില്ല. വെള്ളത്തിന് വേണ്ടി നമ്മൾ ജപ്പാൻ ഗവൺമെന്റിന്റെയും ഡച്ച് ഗവൺമെന്റിന്റെയും കൂടെ പോകുന്ന പോലെയൊന്നും വേണ്ടെങ്കിലും ഇക്കാര്യത്തിൽ വ്യാപകമായി നമ്മുടെ ദൈനംദിന ആവശ്യത്തിനുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഗൗരിയമ്മ തന്നെ ഒരു മുദ്രാവാക്യം കണ്ടെത്തി കൊണ്ട് നമ്മുടെ മുഴുവൻ അയൽക്കൂട്ടങ്ങളെയും എസ്.എച്ച് ഗ്രൂപ്പുകളെയും ഇക്കാര്യത്തിൽ കൊണ്ടുവരാനാവശ്യമായ തുക അനുവദിക്കാൻ തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അയൽക്കൂട്ടങ്ങൾ ചെയ്യുകയാണെങ്കിൽ ഗവൺമെന്റ് സഹകരിക്കും. ഏതായാലും ഇപ്രാവശ്യം സ്ത്രീകളുടെയും യുവാക്കളുടേതുമായിട്ടുള്ള എത്ര ഗ്രൂപ്പ് ഇവിടെ തുടങ്ങാമെന്നുള്ളത് ആലോചിച്ച് അതിനാവശ്യമായിട്ടുള്ള നടപടികളെടുക്കാം.

ശ്രീ. പി. ജയരാജൻ : മലയാളിയുടെ പച്ചക്കറി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ ആഭ്യന്തരമായിട്ടുള്ള പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായിട്ടുള്ള പ്രോത്സാഹനം നൽകേണ്ടതുണ്ട് എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. ഇവിടെ ബഡ്ജറ്റിൽ Horticulture and vegetable crops-ന് 2001-02-ൽ 297 കോടി രൂപ വകയിരുത്തിയിരുന്നു. 2003-04-ലെ ബഡ്ജറ്റിൽ 6 കോടി മാത്രമായിട്ട് ചുരുക്കിയിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇത് ഹോർട്ടികോർപ്പിന് ആയിരിക്കില്ല. ഞാൻ മുൻപ് പറഞ്ഞതുപോലെ വി.എഫ്.പി.സി.-ക്ക് ആയിരിക്കും. അതാണ് Vegetable and Fruit Promotion Council. അതിനായിരിക്കും. യൂറോപ്യൻ യൂണിയന്റെ സഹായത്തോടുകൂടി നടക്കുന്ന ഒരു സ്ഥാപനമാണ്. എറണാകുളത്താണ് അതിന്റെ ഓഫീസ്. ഇത് എല്ലാ ജില്ലകളിലും കൃഷിക്കാരുടെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുണ്ടാക്കി പച്ചക്കറി, പഴം കൃഷികളും ചെയ്യുന്നു. അതിനൊരു പ്രത്യേക ഭരണഘടനയുണ്ട്. ആ വിധത്തിലുള്ള നടപടികളാണ് അത് എടുക്കുന്നത്. അത് ഇപ്പോൾ ഒരു ട്രസ്റ്റായി ഫോം ചെയ്ത് കഴിഞ്ഞിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത് ഹോർട്ടികോർപ്പല്ല. ഹോർട്ടികോർപ്പിന് ഇപ്രാവശ്യം ബഡ്ജറ്റിൽ വെറും 5 ലക്ഷം രൂപയാണ് വച്ചിട്ടുള്ളത്. അവർക്ക് ആ സഹായം പോരാ. Horticorp കൃഷി ചെയ്യാനല്ല. കച്ചവടം നടത്താൻ പച്ചക്കറി, പഴം മേഖലകളിൽ market intervention സ്ഥാപനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഒരു കാലത്ത് പച്ചക്കറിയും പഴവുമെല്ലാം നമ്മൾ സോവിയറ്റ് യൂണിയനിലേക്കുപോലും കയറ്റുമതി ചെയ്യുമായിരുന്നു. ഇന്ന് നമ്മുടെ വീടുകളിൽ എന്തൊക്കെ കറി വയ്ക്കണമെന്ന് തമിഴ്നാട്ടിലെ ഒട്ടൻചത്രത്തേയും മേട്ടുപാളയത്തേയും പച്ചക്കറി മൊത്തകച്ചവടക്കാരായ അണ്ണാച്ചിമാരാണ് തീരുമാനിക്കുന്നത്. അരി വച്ചിട്ടല്ലേ, കറി വയ്ക്കേണ്ടത് ? അരി വില ഓപ്പൺ മാർക്കറ്റിൽ കുതിച്ചു കൊണ്ടിരിക്കുകയാണ്. പച്ചക്കറി പോലെതന്നെ അരിയുടെ വില ഓപ്പൺ മാർക്കറ്റിൽ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ചോദ്യം. ഭക്ഷ്യമന്ത്രി മറുപടി പറഞ്ഞാൽ മതി.

മി. സ്പീക്കർ : ആരും പറയുന്നില്ല.

ശ്രീ. രാജു എബ്രഹാം : അങ്ങയുടെ മറുപടിയിൽ തമിഴ്നാട്ടിൽ വരൾച്ചകൊണ്ടാണ് ഇവിടെ വിലക്കയറ്റം ഉണ്ടായതെന്ന് പറയുകയുണ്ടായി. തമിഴ്നാട്ടിൽ നിന്ന് കൂടുതലായിട്ട് ഇവിടെ എത്തുന്നത് കാരറ്റ്, ബീറ്റ്റൂട്ട്, ക്യാബേജ് തുടങ്ങിയ പച്ചക്കറികളാണ്. കേരളത്തിൽ ഇടുക്കിയിലെ കാന്തല്ലൂർ, വട്ടവട അടക്കമുള്ള പഞ്ചായത്തുകളിൽ ഇത് വ്യാപകമായി ഉണ്ടെങ്കിലും ഈ ഉൽപ്പന്നങ്ങൾ ഇപ്പോൾ തമിഴ്നാട്ടിലേക്ക് പോവുകയാണ്. ഇത് വാങ്ങാനുള്ള നടപടിയില്ല. ഇവിടെ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്ത് എന്തൊക്കെ പറഞ്ഞാലും വിത്തും വളവും കാര്യമായി കൊടുത്തുകൊണ്ട് തന്നെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ചു. അത്തരത്തിലുള്ള പാക്കേജ് പദ്ധതി നടപ്പിലാക്കാനും നമ്മുടെ ഇടുക്കി ജില്ലയിലെ നാല് പഞ്ചായത്തുകളിൽ നിന്നും കൃഷിക്ക് പ്രോത്സാഹനം നൽകികൊണ്ട് നല്ല നടപടികൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സ്വാഭാവികമായും അതിർത്തി പ്രദേശമാണിത്. തമിഴ്നാട്ടിൽ ദൗർലഭ്യം വന്നാൽ ഉടനെ അവിടെ നിന്ന് ആളുകൾ ഇവിടെ വന്ന് വാങ്ങിക്കും. ഇവിടെ നിന്ന് പോകുന്നില്ല. എങ്കിലും നമുക്ക് അവിടെ പർച്ചേസിംഗ് സെന്ററുണ്ട്, മൂന്നാറിൽ ഫ്രീസറുണ്ട്. വാങ്ങാവുന്നത് അവിടെ നിന്ന് വാങ്ങുന്നുണ്ട്. കാരറ്റ്, ഉരുളകിഴങ്ങ്, ഉള്ളി എന്നിവ അവിടെ നിന്ന് വാങ്ങുന്നുണ്ട്. വാങ്ങാതിരിക്കുന്നില്ല. മുഴുവൻ പച്ചക്കറിയും ഉൽപ്പാദിപ്പിച്ച്, പ്രത്യേകിച്ച് ഇപ്പോൾ തേയില തോട്ടങ്ങളിൽ പണി ഇല്ലാത്തതുകൊണ്ട് തോട്ടം തൊഴിലാളികൾ അവരുടെ ലയിനുള്ള സ്ഥലത്ത് പച്ചക്കറി ഉല്പാദിപ്പിക്കുന്നു. ഈ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവർ മുക്കുന്നതിന് മുൻപുതന്നെ പറിച്ച് ദിവസവും വിറ്റ് കഴിയുന്നതായിട്ടുള്ള സ്ഥിതിവിശേഷമാണ് ഇന്നവിടെയുള്ളത്.

ശ്രീ. മാലേത്ത് സരളാദേവി : ഇവിടെ പഴങ്ങളുടെയും പച്ചക്കറികളുടെയും വില നിയന്ത്രിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ, നമ്മൾ വളരെ വർഷക്കാലമായി ഇവിടെ ഉപയോഗിക്കുന്ന പച്ചക്കറികളിൽ ഏറ്റവും ഔഷധഗുണമുള്ള നമ്മുടെ വീടുകളിൽ യാതൊരു വളവുമില്ലാത വളർന്നുവരുന്ന കപ്പക്കയും അതുപോലെ അടുക്കളയിൽ നിന്ന് വലിച്ചെറിയുന്ന മലക്കറികളുടെ അവശിഷ്ടങ്ങളിൽ നിന്നും കിളിർക്കുന്ന ചീര, വെണ്ട, ഒവളളരി ഇങ്ങനെയുള്ളവയും ഉണ്ട്. ഇവയ്ക്ക് യാതൊരു വളവും വേണ്ട. കപ്പയ്ക്കയ്ക്ക് ഏറ്റവും ഔഷധഗുണമുണ്ട്. കാബേജ് കഴിച്ചാൽ ആരോഗ്യം ഉണ്ടാകുന്നതിന്റെ നാലിരട്ടി ഗുണം കപ്പയ്ക്കയിൽ നിന്ന്

വരും. ഇതൊന്നും നമ്മുടെ നാട്ടിൻപുറങ്ങളിലെ കൃഷി ഭവനിൽ..... മുമ്പ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കൃഷി വികസന സമിതികൾ ഇതിനെപ്പറ്റി ഒന്ന് കണ്ടറിഞ്ഞ് അതിനൊരു പ്രചരണം കൊടുക്കുന്നതിനു വേണ്ടിയുള്ള അടിയന്തരമായ നിർദ്ദേശം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, മെമ്പറിന്റെ അറിവിലേക്കായി, മാവേലിക്കര കൃഷി ഫാമിൽ തേനീച്ച വളർത്തൽ ട്രെയിനിംഗ് സെന്ററുണ്ട്. അവിടെ നാലഞ്ച് ഏക്കർ സ്ഥലമേയുള്ളു. അവിടെ ഞങ്ങൾ ചീരയും പയറും, മാത്രമിട്ട് അത് വിത്തായിട്ട് ഉൽപ്പാദിപ്പിച്ച് വിൽക്കാറുണ്ട്. നല്ല കൃഷിയായിരുന്നു. ഓരോ സ്ഥലത്തും വിത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്നുള്ളത് നോക്കുന്നുണ്ട്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ വിത്ത് ഉൽപ്പാദന കേന്ദ്രങ്ങളുണ്ട്. ഗവൺമെന്റിന്റേതുണ്ട്. ഇതെല്ലാം വച്ചുകൊണ്ട് വിത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിന്റെ പ്രചാരണ കുറവുകൊണ്ട് എവിടെയൊക്കെയാണെന്നുള്ളതുതന്നെ ആളുകൾ അറിയാത്തതാണ്. കഴിയുമെങ്കിൽ അത് എല്ലാ സ്ഥലത്തും എത്തിക്കുന്നതിന് വേണ്ടിയുള്ള നടപടികളെടുക്കാം. കൃഷി ആഫീസിൽ തിരക്കിയാൽ പച്ചക്കറികളുടെ വിത്തുകിട്ടും.

മി. സ്പീക്കർ : ചോദ്യം 462-ഉം 470-ഉം ഒന്നുതന്നെയാണ്. അതുകൊണ്ട് ഒന്നിച്ചെടുക്കാം.

ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ നടപടി

2 (*462) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ് ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗിക്കുന്ന പാലിന്റെ അളവ് എത്രയാണെന്നറിയിക്കുമോ ;

(സി) സംസ്ഥാനത്തിന് വെളിയിൽനിന്നും വരുന്ന പാലിന്റെ അളവ് എത്ര ;

(ഡി) പാലിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുന്നതിന് പാലിന്റെ ഉല്പ്പാദനം എത്രകണ്ട് വർദ്ധിപ്പിക്കണം എന്ന് അറിയിക്കാമോ ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly